കെ.എം.ആർ.എം.

# സാന്ത്വന 2023

നിനക്കു ചെയ്യാൻ കഴിവുള്ള നന്മ, അതു ലഭിക്കാൻ
അവകാശമുള്ളവർക്കു നിഷേധിക്കരുത്.

സുഭാ 3:27

**ദൈവം നമുക്കു നൽകിയ സാമ്പത്തിക അനുഗ്രഹങ്ങളുടെ ഒരംശം ഒരു ഭവന രഹിതനു വേണ്ടി മാറ്റി വച്ച് .... വീടില്ലാത്തവന്റെ മുന്നിൽ വീടായി മാറുന്ന**

# പാർപ്പിട സാന്ത്വന 2023

## KUWAIT MALANKARA RITE MOVEMENT

## സാന്ത്വന 2023

കെ.എം.ആർ.എം. ന്റെ 2023 വർഷത്തെ സാന്ത്വന പദ്ധതി – **"പാർപ്പിട-വിദ്യാഭ്യാസ സാന്ത്വന 2023"** ന്റെ ഉത്ഘാടനം കൊയ്നോണിയ 2023 വേദിയിൽ വച്ച് വന്ദ്യ ജോൺ തുണ്ടിയത്ത് കോർ എപ്പിസ്കോപ്പാ നിർവ്വഹിച്ചു. CMC വൈസ് പ്രസിഡന്റ് ജിജോ ജോൺ പദ്ധതിയുടെ ജനറൽ കൺവീനറായി പ്രവർത്തിച്ചു. ഈ വർഷം 3 ഭവനനിർമ്മാണം എന്ന രീതിയിൽ ആരംഭിച്ച പദ്ധതി, കെ.എം.ആർ.എം. കുടുംബങ്ങൾക്കും താങ്ങായിമാറേണ്ടിവന്ന സാഹചര്യത്തിൽ, 2 കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി ഊന്നൽ നൽകി.

1. കെ.എം.ആർ.എം. അംഗമായിരിക്കെ മരണപ്പെട്ട, കുടുംബം നിലവിൽ കുവൈറ്റിൽ ആയിരിക്കുന്ന ആളിന്റെ മകളുടെ BSc Nursing പഠനത്തിനായി, അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ് ഇനങ്ങളിൽ, 2023 ൽ IRS നൽകി. ഈ കുട്ടിയുടെ തുടർപഠനത്തിനായി അടുത്ത് വരുന്ന 3 വർഷവും IRS 2,00,000/- വീതം നൽകണമെന്ന് 26.01.2024 ൽ കൂടിയ വാർഷിക പൊതുയോഗത്തിൽ വച്ച് പൊതുയോഗം തീരുമാനിച്ചു.
2. കെ.എം.ആർ.എം. അംഗമായിരിക്കെ മരണപ്പെട്ട, കുടുംബം നാട്ടിൽ സ്ഥിരതാമസമാക്കിയ ആളിന്റെ മകളുടെ Nursing പഠനത്തിനായി IRS നൽകി.

അതുപോലെ ഒരു വലിയതുക കുവൈറ്റിലുള്ള നമ്മുടെ ഒരു കുടുബത്തിനും സഹായമായി മാറി.

1. കെ.എം.ആർ.എം. അംഗം, നഴ്സായി കുവൈറ്റിൽ പ്രൈവറ്റ് ഹോസ്പിറ്റലിൽ ജോലിചെയ്തുവരവേ, ഹോസ്പിറ്റൽ ലൈസൻസുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഹോസ്പിറ്റൽ അടച്ചുപൂട്ടിയ സാഹചര്യത്തിൽ, ഉണ്ടായിരുന്ന ജോലി നഷ്ടപ്പെടുകയും, മറ്റൊരു ജോലിയിൽ പ്രവേശിക്കുന്നതിനും തടസ്സംനേരിട്ടു. ഈയവസരത്തിൽ ഫ്ലാറ്റിന്റെ റെന്റ് കൊടുക്കുന്നതിന് സാധിക്കാതെവരികയും, ബിൽഡിംഗ് ഓണർ ജുഡീഷ്യൽ കേസ് ഫയൽ ചെയ്തു. ഇതേ സമയംതന്നെ മുമ്പുണ്ടായിരുന്ന ബാങ്ക് ലോണിന്റെ അടവ് മുടങ്ങിയപ്പോൾ ബാങ്കും കേസ് ഫയൽ ചെയ്തു. തന്മൂലം കുവൈറ്റ് വിട്ടുപോകുന്നതിനും വിലക്കേർപ്പെടുത്തി. ഈ പ്രശ്നങ്ങൾ കാരണം കുടുംബത്തിലെ ഒരുകുട്ടിയെ നാട്ടിലയക്കുകയും ഒരുകുട്ടിയും ഭാര്യയും കുവൈറ്റിൽ തുടർന്നു പോരുകയും ചെയ്യുന്നു. കുവൈറ്റിലുള്ള കുട്ടിയ്ക്ക് റെസിഡൻസി പുതുക്കാൻ സാധിക്കാത്തതുമൂലം സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനും സാധിക്കുന്നില്ല.
   പ്രസ്തുത കുടുംബത്തിന്റെ നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത്, യാത്രാവിലക്ക് നീക്കുന്നതിന് ബാങ്കിൽ തിരിച്ചടയ്ക്കേണ്ട KWD , ബാങ്കിൽ അടക്കുകയും, കൂടെ നാട്ടിലേക്കുള്ള ഫ്ലൈറ്റ് ടിക്കറ്റിനുള്ള തുക KWD ഉം ചേർത്ത് KWD , നൽകി.
2. കെ.എം.ആർ.എം. അംഗമായിരിക്കെ മരണപ്പെട്ട അംഗത്തിന്റെ, നാട്ടിൽ സ്ഥിരതാമസമാക്കിയ കുടുംബത്തിന്റെ ദൈനംദിന ചിലവുകൾക്കായി ഒരു സ്ഥിര വരുമാനമെന്നോണം, ഒരു തയ്യൽ യൂണിറ്റ് പ്രവർത്തനക്ഷമമാക്കി.

ഒപ്പം മൂവാറ്റുപുഴ രൂപതയിൽ മലങ്കര കത്തോലിക്കാ കുടുംബത്തിന് ഒരു ഭവനത്തിന്റെ (IRS. ) നിർമ്മാണവും നടത്തപ്പെട്ടു.

*2023 ലെ സാന്ത്വന പദ്ധതിയിൽ ഭവനനിർമ്മാണവും, വിദ്യാഭ്യാസ സഹായവും, മറ്റ് ഇതര സഹായങ്ങൾക്കുമായി ഏകദേശം 19 ലക്ഷം ഇന്ത്യൻ രൂപ ചിലവഴിച്ചു.*